**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലേക്ക് റേഡിയോളജിസ്റ്റുമാരെ റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ(സാധാ.) നം.908 /2017/തൊഴിൽ. തിരുവനന്തപുരം, തീയതി:14.07.2017.**

---

പരാമർശം:-1) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 24.06.2016, ലെ ഇ 1-13635/2016/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 07.09.2016 ലെ ഇ 1-13635/2016/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്

3) സ.ഉ (സാധാ) നം .1507/2016/ തൊഴിൽ, തീയതി, 03.12.2016

4) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 21.06.2017 ലെ ഇ 1-10407/2017/ഡി.ഐ.എം.എസ് (2) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ കീഴിൽ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയെ മോഡൽ ആശുപത്രിയാക്കി ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ 1.5 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച സി.റ്റി സ്കാനർ പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ധരെ ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തിര ആവശ്യം കണക്കിലെടുത്ത് സ്കാനർ പ്രവർത്തിപ്പിക്കുന്നതിനായി ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് ക്വാട്ടയിൽ ബിരുദാനന്തര ബിരുദം (എം.ഡി . റേഡിയോ ഡയഗ്നോസിസ്) പൂർത്തിയാക്കിയ ഡോക്ടർമാരെ ഒന്നിടവിട്ടുള്ള മാസങ്ങളിൽ ഡ്യൂട്ടിയ്ക്ക് നിയമിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചിരുന്നു. അതിൻപ്രകാരം ഏനാത്ത് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഡോ.കെ.വസന്ത സദാനന്ദപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഡോ.വി.സീമ എന്നീ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ സേവനം ഒന്നിടവിട്ടുള്ള മാസങ്ങളിൽ ഇ.എസ്.ഐ ആശുപത്രി ഫെറോക്കിലേക്ക് താല്ക്കാലികമായി വിട്ടുനൽകി പരാമർശം - 1 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ ഉത്തരവിനെതിരെ ടി വ്യക്തികൾ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹു.ട്രിബ്യൂണലിന്റെ 05.08.2016 ലെ വിധിന്യായത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി അപേക്ഷകരെ റൊട്ടേഷൻ വ്യവസ്ഥയിൽ ഫെറോക്ക് ആശുപത്രിയിൽ നിയമിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് അനുവാദം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ ഫെറോക്ക് ആശുപത്രിയിലേക്ക് നിയമിച്ചുകൊണ്ട് പരാമർശം - 2 പ്രകാരം ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു കൂടാതെ ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഡോ.കെ.വസന്തയെയും ഡോ.വി.സീമയെയും

നേരിൽകേട്ടിരുന്നു. തുടർന്ന് ടി ജീവനക്കാരെ റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ ഉത്തരവ് അംഗീകരിച്ചുകൊണ്ടും ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ ഉത്തരവ് റദ്ദുചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി വ്യക്തികൾ സർക്കാരിൽ സമർപ്പിച്ച നിവേദനങ്ങൾ നിരസിച്ചുകൊണ്ടും പരാമർശം - 3 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. മാത്രവുമല്ല ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ DMRD ഡോക്ടർമാരെ കൂടി റൊട്ടേഷൻ വ്യവസ്ഥയിൽ ഫെറോക്ക് ഹോസ്പിറ്റലിലേക്കുള്ള പോസ്റ്റിംഗിൽ ഉൾപ്പെടുത്തണമെന്നും 'ടെലി റേഡിയോളജി' സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള അപേക്ഷകരുടെ ആവശ്യം പരിശോധിക്കാനും ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

3) DMRD ഡോക്ടറായ ഡോ.എം.എസ് മിനിയെ കൂടി ഉൾപ്പെടുത്തി റൊട്ടേഷൻ പുന:ക്രമീകരിക്കുന്നതിനായി ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. മുൻപ് റൊട്ടേഷൻ വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിരുന്നെങ്കിലും ക്രമവിരുദ്ധമായി അവധി അപേക്ഷകൾ നൽകിയശേഷം ഡോക്ടർമാർ തുടർച്ചയായി ഡ്യൂട്ടിയ്ക്ക് ഹാജരാകാതിരുന്നത് രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് വിഘാതം സൃഷ്ടിച്ച സാഹചര്യത്തിൽ ഡോക്ടർമാർ കൃത്യമായും ഫറോക്ക് ആശുപത്രിയിൽ ജോലി ചെയ്യുന്നതിന് സർക്കാർ കർശന നിർദേശം നൽകണമെന്നും ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഡോ.സീമ.വി, ഡോ.മിനി.എം.എസ്. ഡോ.കെ.വസന്ത എന്നിവരുടെ ഫറോക്ക് ആശുപത്രിയിലേക്കുള്ള റൊട്ടേഷൻ നിയമനം 2017 ആഗസ്റ്റ് മാസം മുതൽ താഴെ പറയും പ്രകാരം പുന : ക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| | | |
|---|---|---|
| 1 | ഡോ.വി.സീമ,<br>ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട | 2017 ആഗസ്റ്റ് 1 മുതൽ 31 വരെ |
| 2 | ഡോ.എം.എസ് .മിനി,<br>ഇ.എസ്.ഐ ആശുപത്രി , പേരൂർക്കട | 2017 സെപ്റ്റംബർ 1 മുതൽ 30 വരെ |
| 3 | ഡോ.കെ.വസന്ത,<br>ഇ . എസ് . ഐ ഡിസ്പെൻസറി, ഏനാത്ത് | 2017 ഒക്ടോബർ 1 മുതൽ 31 വരെ |

5) തുടർന്നുള്ള മാസങ്ങളിലും മേൽ പറഞ്ഞ ക്രമത്തിൽ ടി ഡോക്ടർമാർ റൊട്ടേഷൻ വ്യവസ്ഥയിൽ ഫറോക്ക് ആശുപത്രിയിൽ ജോലി ചെയ്യേണ്ടതാണ്. അനധികൃതമായും ക്രമവിരുദ്ധമായും അവധി അപേക്ഷകൾ സമർപ്പിച്ച് ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്ന പക്ഷം ബോണ്ട് വയലേഷനുള്ള നടപടികൾ ഉൾപ്പെടെ കർശന അച്ചടക്ക നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഏതെങ്കിലും ഡോക്ടർ / ഡോക്ടർമാർ റൊട്ടേഷനിലെ നിശ്ചിത കാലയളവ് പൂർത്തീകരിക്കാതെ അനധികൃതമായി അവധിയിൽ പ്രവേശിക്കുന്ന പക്ഷം ബാക്കി വരുന്ന ദിവസങ്ങൾ കൂടി അടുത്ത റൊട്ടേഷനിൽ പൂർത്തീകരിക്കേണ്ടതാണ്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ, അവധിയിൽ പ്രവേശിക്കുന്ന ഡോക്ടർ / ഡോക്ടർമാരുടെ

വിശദാംശങ്ങൾ അനധികൃതമായി ജോലിയിൽ ഹാജരാകാത്ത ദിവസം മുതൽ അഞ്ചു ദിവസത്തിനകം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജോലിക്ക് ഹാജരാകാത്ത പക്ഷം ടി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉൾപ്പടെ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
പി.കെ.സീതാലക്ഷ്മി അമ്മ,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
ഡോ.വി.സീമ, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖാന്തിരം)
ഡോ.എം.എസ് മിനി, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖാന്തിരം)
ഡോ.കെ.വസന്ത, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്/ഡി.ബി സെൽ) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endt. No. E1-10407/2017/DIMS Dtd. 24.07.2017**

**സർക്കാർ ഉത്തരവിലുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിൽവരുത്തുന്നതിന് ഉത്തരവിന്റെ പകർപ്പ് അയയ്ക്കുന്നു.**

**ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർക്കു വേണ്ടി**

To

1. Dr. Seema V., AIMO,ESI Hospital,Peroorkada (Regd. With A/D)
2. Dr. M.S. Mini, AIMO,ESI Hospital,Peroorkada (Regd. With A/D)
3. Dr. K. Vasantha, AIMO, ESI Dispensary, Enath (Regd. With A/D)
4. The Regional Deputy Director,South Zone, Kollam
5. The Regional Deputy Director, North Zone, Kozhikode
6. The Superintendent, ESI Hospital, Feroke
7. The Superintendent, ESI Hospital, Peroorkada

**[നിശ്ചിത ദിവസം ജോലിക്ക് ഹാജരാകാതെ വരുന്ന പക്ഷം വിവരം ഇ-മെയിൽ മുഖേനയോ ഫോൺ മുഖേനയോ അതേ ദിവസം തന്നെ ഡയറക്ടറെ അറിയിക്കേണ്ടതാണ്]**

8. The Insurance Medical Officer, ESI Dispensary, Enath
9. File /Stock File /Website